## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 204 — 07.08.2017 ൽ മറുപടിക്ക്

### പൂഴനാട് പി.എച്ച്.സി.

| ചോദ്യം<br>ശ്രീ.സി.കെ. ഹരീന്ദ്രൻ : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പാറശ്ശാല നിയോജക മണ്ഡലത്തിലെ പൂഴനാട് പി.എച്ച്.സി.യെ സി.എച്ച്.സി. ആയി ഉയർത്തി 'ആർദ്രം' പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ? ആയതിലേക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്നു വ്യക്തമാക്കാമോ; | (എ) | പാറശ്ശാല നിയോജക മണ്ഡലത്തിലെ പൂഴനാട് പി.എച്ച്.സി.യെ കുടുംബ ആരോഗ്യ കേന്ദ്രമാക്കി വികസിപ്പിക്കുന്നതിന് സ.ഉ.(ആർ.ടി) 845/17/ആകുവ തീയതി 28/03/2017 പ്രകാരം ഉത്തരവായിട്ടുണ്ട്. അതിൻപ്രകാരം ടി പി.എച്ച്.സി.-യിൽ 1 അസിസ്റ്റന്റ് സർജൻ, 2 സ്റ്റാഫ് നഴ്സ്, 1 ലാബ് ടെക്നീഷ്യൻ എന്നിവരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് കമ്പ്യൂട്ടറൈസ്ഡ് ഒ.പി കൗണ്ടർ, സ്വകാര്യതയുള്ള കൺസൾട്ടിംഗ് റൂമുകൾ, , രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, കുടിവെള്ളം, ടോയിലറ്റ് സൗകര്യങ്ങൾ, എന്നിവയും കേന്ദ്രത്തിലേയ്ക്കാവശ്യമായ 'സൈനേജുകൾ' സ്വകാര്യതയോട് കൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ,, പബ്ളിക് അഡ്രസ്സിംഗ് സിസ്റ്റം, ആരോഗ്യ ബോധവത്ക്കരണത്തിനുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ തുടങ്ങിയവ ക്രമീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ജീവിതശൈലീ രോഗങ്ങൾ അടക്കമുള്ള വിവിധ രോഗങ്ങളുടെ സമഗ്ര പ്രാഥമിക ആരോഗ്യ പരിചരണത്തിന് ഈ കേന്ദ്രങ്ങളെ സജ്ജമാക്കാനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ ഈ കേന്ദ്രങ്ങളിൽ സൗകര്യങ്ങൾ |

| | | | |
|---|---|---|---|
| | | | ഒരുക്കാനായി പദ്ധതിയിനത്തിൽ 23 കോടി രൂപയും ലാബ് സൗകര്യം ഒരുക്കുന്നതിന് 5 കോടി രൂപയ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വർക്കിംഗ് ഗ്രൂപ്പ് മീറ്റിംങ്ങുകൾ നടന്നു കഴിഞ്ഞു. ഇവ സജ്ജീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | പാറശ്ശാല നിയോജക മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | ഘട്ടം ഘട്ടമായി കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ